(ബി) എങ്കിൽ ഇതുമൂലം കഷ്ടപ്പെടുന്നവരെ സ്വതന്ത്രരാക്കുവാനും പുനഃരധിവസിപ്പിക്കുവാനും എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട്;

(സി) ബോണ്ടഡ് ലേബർ സമ്പ്രദായം കണ്ടെത്തുന്നതിനും അതിന് പരിഹാരമുണ്ടാക്കുന്നതിനും സംസ്ഥാനഗവൺമെന്റുകൾ ജില്ലാതലത്തിലും സബ്ഡിവിഷൻ തലത്തിലും വിജിലൻസ് കമ്മറ്റികൾ രൂപീകരിക്കണമെന്ന് സുപ്രീം കോടതി പബ്ലിക് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ് വേഴ്സസ് സ്റ്റേറ്റ് ഓഫ് തമിഴ്നാട് ആന്റ് അദേഴ്സ് എന്ന കേസിൽ പുറപ്പെടുവിച്ച വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) സംസ്ഥാനത്ത് ബോണ്ടഡ് ലേബർ സമ്പ്രദായം നിലവിലില്ല. 1976-ലെ ബോണ്ടഡ് ലേബർ സിസ്റ്റം (അബോളിഷൻ) ആക്ട് (സെൻട്രൽ ആക്ട്) പ്രകാരം ബോണ്ടഡ് ലേബർ സിസ്റ്റം നിർത്തലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ബോണ്ടഡ് ലേബർ സിസ്റ്റം നിലവിലില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) ബോണ്ടഡ് ലേബർ സമ്പ്രദായം ഉണ്ടോ എന്ന് നിരീക്ഷിക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാതലത്തിലും റവന്യൂ ഡിവിഷണൽ ഓഫീസർ അദ്ധ്യക്ഷനായി സബ്ഡിവിഷൻ തലത്തിലും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

പുറത്തുനിന്ന് കൊണ്ടുവരുന്ന ഭക്ഷ്യസാധനങ്ങളിൽ മായം ചേർക്കൽ

*16 [16] ശ്രീമതി. രാധാരാഘവൻ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, ഇ. എം. അഗസ്തി:
,, എം. മുരളി:
,, എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുനിന്ന് വിൽപ്പനയ്ക്ക് കൊണ്ടുവരുന്ന അരി, എണ്ണ, മുളക്പൊടി, പാൽ, ഭക്ഷ്യഎണ്ണകൾ എന്നിവയിൽ മായം ചേർക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയിൽ ചേർക്കുന്ന മായം എന്തെന്ന് വിശദീകരിക്കുമോ;

(സി) ഇത്തരം സാധനങ്ങൾ സ്റ്റോക്ക് ചെയ്തിട്ടുള്ള ഹോൾസെയിൽ കടകളിൽ നിന്നും അവ വിതരണം ചെയ്യുന്നതിനു മുമ്പായി അവയിൽ മായം ചേർത്തിട്ടില്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന് പുറത്തുനിന്ന് വരുന്നതും സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നതുമായ ഭക്ഷ്യസാധനങ്ങളായ അരി, മുളക്പൊടി, എണ്ണ, ഭക്ഷ്യഎണ്ണ, പാൽ എന്നിവ പരിശോധിച്ചതിൽ പല സാമ്പിളുകളിലും മായം കലർന്നതായി കണ്ടെത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം പരിശോധിച്ച 516 മുളകുപൊടി സാമ്പിളുകളിൽ 34 എണ്ണത്തിൽ ആരോഗ്യത്തിന് ഹാനികരമായ കൃത്രിമനിറം നൽകുന്ന സുഡാൻ കലർന്നിട്ടുള്ളതായി കണ്ടെത്തുകയുണ്ടായി. 316 അരി സാമ്പിളുകളിൽ ഒന്നിലും മായം കണ്ടെത്തിയിട്ടില്ല. 466 പാൽ സാമ്പിളുകൾ പരിശോധിച്ചതിൽ 36 എണ്ണം കൊഴുപ്പിന്റെയും കൊഴുപ്പേതര വസ്തുവിന്റെയും കുറവു കാരണം ഗുണനിലവാരം കുറവുള്ളതായി കണ്ടെത്തി. ഇവയിലൊന്നിലും ആരോഗ്യത്തിന് ഹാനികരമായ മറ്റു മായങ്ങൾ കണ്ടെത്തിയിട്ടില്ല. 638 വെളിച്ചെണ്ണ സാമ്പിളുകൾ പരിശോധിച്ചതിൽ 60 എണ്ണം മായം കലർന്നതായി കണ്ടെത്തിയിട്ടുണ്ട്. വില കുറഞ്ഞ എണ്ണ, പാരഫിൻ ഓയിൽ എന്നിവയാണ് വെളിച്ചെണ്ണയിൽ കണ്ടെത്തിയിട്ടുള്ള മായം. മറ്റ് ഭക്ഷ്യ എണ്ണകളുടെ 678 സാമ്പിളുകൾ പരിശോധിച്ചതിൽ 19 എണ്ണം കുറഞ്ഞതരം എണ്ണകൾ ചേർത്ത് ഗുണനിലവാരം കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഭക്ഷ്യ സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്ന ഹോൾസെയിൽ കടകൾ കേന്ദ്രീകരിച്ച് പരിശോധന നടത്താനും സാമ്പിളുകളെടുക്കാനും എല്ലാ ഫുഡ് ഇൻസ്പെക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷം 2587 ഹോൾസെയിൽ സാമ്പിളുകൾ പരിശോധിച്ചതിൽ 75 എണ്ണം മായം കലർന്നതായി കണ്ടെത്തുകയുണ്ടായി.

എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. പദ്ധതികൾ പ്രകാരം നിർമ്മിച്ച റോഡുകളുടെ അറ്റകുറ്റ പണികൾ

*17 [17] ശ്രീ. കെ. എൻ. എ. ഖാദർ:
,, പി. കെ. കെ. ബാവ:
,, കളത്തിൽ അബ്ദുള്ള:
,, യു. സി. രാമൻ:
,, കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. പദ്ധതികൾ പ്രകാരം നിർമ്മിച്ചിട്ടുള്ള റോഡുകളുടെ അറ്റകുറ്റ പണികൾ നടക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏത് ഏജൻസിയാണ് ഇതിന്റെ പണി ഏറ്റെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ പ്രകാരം നിർമ്മിച്ചിട്ടുള്ള എല്ലാ റോഡുകളുടെയും അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly